(ഡി) അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇവരെ പരിശീലനത്തിനയച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) 2000-2001 ട്രെയിനിംഗിനോ പുതിയ കോഴ്സുകൾക്കോ അയക്കപ്പെട്ടവരിൽ റിട്ടയർ ചെയ്യുന്നതിന് രണ്ടു വർഷത്തിൽ താഴെ മാത്രം കാലാവധിയുള്ള ജയിൽ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ശ്രീ. എൻ. വിജയൻ, പ്രോഗ്രാം ഓഫീസർ.

2. ശ്രീ. എൻ. എസ്. ബാലകൃഷ്ണൻ, സൂപ്രണ്ട്, സെൻട്രൽ പ്രിസൺ, വിയ്യൂർ എന്നിവർ ഡൽഹിയിൽ വച്ച് 15-1-2001 മുതൽ 19-1-2001 വരെ നടന്ന "107 കോഴ്സ് ഓൺ ക്രിമിനോളജി" എന്ന കോഴ്സിൽ പങ്കെടുത്തിട്ടുണ്ട്.

3. ശ്രീ. ബദറുദ്ദീൻ, (ഡെപ്യൂട്ടി സൂപ്രണ്ട്, ഓപ്പൺ പ്രിസൺ, സെട്ടുകാൽത്തേരി) പോണ്ടിച്ചേരിയിൽ വച്ച് 8-1-2001 മുതൽ 13-1-2001 വരെ നടന്ന "ഹ്യൂമൺ റിസോഴ്സ് ഡവലപ്പ്മെന്റ് ഇൻ ഇൻഡ്യൻ പ്രിസൺസ് ത്രൂ വെർട്ടിക്കൽ ഇന്ററാക്ഷൻ കോഴ്സ് ഫോർ പ്രിസൺ ഓഫീസേഴ്സ്" എന്ന ട്രെയിനിംഗ് പ്രോഗ്രാമിലും പങ്കെടുത്തിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 1-10-1999-ലെ സർക്കുലർ നമ്പർ 17964/ഇ1/98/ഉഭപവ പ്രകാരം 50 വയസ്സ് കഴിഞ്ഞ സർക്കാർ ഉദ്യോഗസ്ഥരെ വിദേശത്തേയ്ക്ക് ട്രെയിനിംഗിനും, കോഴ്സിനും അയക്കേണ്ടതില്ല എന്ന നിർദ്ദേശം നിലവിലുണ്ട്.

(ഡി) ജയിൽ അന്തേവാസികളുടെ ശിക്ഷാ നിർവഹണത്തിനും ക്ഷേമത്തിനും പര്യാപ്തമായ പദ്ധതികൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി അത് അംഗീകാരത്തിന് സമർപ്പിക്കുന്നതും പ്രോഗ്രാം ആഫീസറാണ്. ഈ ഉദ്യോഗസ്ഥന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കാൻ ഇപ്പോൾ നൽകിയ പരിശീലനം ആവശ്യമാണ്. ജയിൽ സൂപ്രണ്ടുമാരായ മറ്റു രണ്ടുപേർക്കും അവരുടെ കൃത്യ നിർവഹണത്തിന് ഈ പരിശീലനം സഹായകരമാണ്.

(ഇ) ശ്രീ. എൻ. വിജയൻ, പ്രോഗ്രാം ഓഫീസർ, ജയിൽ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം.

പോലീസ് സേനയെ നവീകരിക്കുവാൻ നടപടി

127 (1062) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയെ നവീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന പോലീസ് സേനകളിലെ അംഗസംഖ്യ കാറ്റഗറി തിരിച്ചു വ്യക്തമാക്കുമോ ;

(സി) ജനങ്ങളും പോലീസും തമ്മിലുള്ള നിലവിലുള്ള അനുപാതം എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(ഡി) കുറ്റകൃത്യനിവാരണത്തിന് കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്ത് എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി താഴെ പറയുന്ന പ്രധാന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പോലീസ് വിരലടയാള വിഭാഗത്തിന്റെ ആധുനിക വൽക്കരണത്തിനായി 75 ലക്ഷം രൂപ ചെലവുവരുന്ന എഫ്. പി. എ. റ്റി. എസ്. (ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ട്രെയിനിംഗ് സിസ്റ്റം) സ്ഥാപിച്ചിട്ടുണ്ട്. പോലീസ് വിരലടയാള വിഭാഗത്തിനും ഫോട്ടോഗ്രാഫിക് വിഭാഗത്തിനുമായി ഒരു കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ട്രാഫിക് നവീകരണത്തിനായി 2 ട്രാഫിക് റഡാറുകൾ വാങ്ങിയിട്ടുണ്ട്. 176 ജീപ്പുകളും 10 കാറുകളും 28 മോട്ടോർ സൈക്കിളുകളും വാങ്ങിയിട്ടുണ്ട്. വാർത്താവിനിമയ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 600 ഹാൻഡ്ഫോർഡ് വി.എച്ച്.എഫ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്. 12 കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ, 160 ടൈപ്പ്റൈറ്ററുകൾ, 27 മൊബൈൽ ഫോണുകൾ 150 പിസ്റ്റളുകൾ, ഒരു സ്മോൾ ആർമ്സ് ട്രെയിനിംഗ് സീമുലേറ്റർ, ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ എന്നിവ പോലീസ് വകുപ്പിനായി വാങ്ങിയിട്ടുണ്ട്. കൂടാതെ മോഡ് ഓഫ് ഓപ്പറാണ്ടി ബ്യൂറോക്കാ വശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്കാഡിനാവശ്യമായ ഉപകരണങ്ങൾ എന്നിവയും വാങ്ങിയിട്ടുണ്ട്.

(ബി) കാറ്റഗറി തിരിച്ചുള്ള കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) കേരളത്തിൽ 718 ജനങ്ങൾക്ക് ഒരു പോലീസുകാരൻ എന്ന അനുപാതമാണ് ഉള്ളത്.

(ഡി) കുറ്റകൃത്യങ്ങൾ തടയുന്നതിനും അക്രമപ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിനുമായി നിരവധി നടപടികൾ സ്വീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനും, അവ ഉണ്ടായാൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ 3 നഗരങ്ങളിലും ഫ്ളൈയിംഗ് സ്കാഡുകൾ പ്രവർത്തിക്കുന്നതിനു പുറമേ ഡയൽ '100' സംവിധാനത്തോടുകൂടി കൺട്രോൾ റൂമും, ഫ്ളൈയിംഗ് സ്കാഡ് സംവിധാനവും കൊല്ലം, കോട്ടയം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ എന്നീ പട്ടണങ്ങളിലും ആരംഭിച്ചിട്ടുണ്ട്.

† അനുബന്ധം - XIX

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മൂന്ന് സിറ്റികളിലെയും ഫ്ളൈയിംഗ് സ്കാഡ്, കൺട്രോൾറും എന്നീ വിഭാഗങ്ങൾ വിപുലീകരിക്കുന്നതിനായി 114 സി.ഐ., 121 എച്ച്. സി., 504 പി. സി., 113 ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 1800 ഹെഡ് കോൺസ്റ്റബിൾമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇങ്ങനെ 6000-ത്തിൽ അധികം തസ്തികകൾ സൃഷ്ടിക്കുകയും 10000-ത്തിൽ അധികം ആളുകളെ സേനയിലേക്ക് റിക്രൂട്ട്ചെയ്യുകയും ചെയ്തിട്ടുണ്ട്. മൊത്തം പോലീസ് സേനയുടെ അംഗസംഖ്യയുടെ 10 ശതമാനം വനിതകളെ റിക്രൂട്ടു ചെയ്യാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി 3500 വനിതാ കോൺസ്റ്റബിൾമാരെ റിക്രൂട്ടു ചെയ്യാനുള്ള നടപടി നടന്നു വരുന്നു. ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്കാഡിന്റെ ഓരോ യൂണിറ്റുകൾ എസ്. ബി. സി. ഐ.ഡി ഹെഡ്കാർട്ടേഴ്സിലും മൂന്നു സോണുകളിലുമായി ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ വനിതകൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു വനിതാ സെല്ലും, 17 ജില്ലാ പോലീസ് ഓഫീസുകളുടെയും അനുബന്ധമായി ഒരു വനിതാ സബ് ഇൻസ്പെക്ടർ, 2 വനിതാ ഹെഡ് കോൺസ്റ്റബിൾ, 2 വനിതാ കോൺസ്റ്റബിൾമാർ എന്നിവരടങ്ങുന്ന വനിതാ സെല്ലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കുറ്റകൃത്യങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് പോലീസിനു വിവരം നൽകുന്നതിനായി ക്രൈംസ്റ്റോപ്പർ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ഉടൻതന്നെ ശേഖരിച്ച് മോണിറ്റർ ചെയ്യുന്നതിനുവേണ്ടി രാവിലെ 9 മണി മുതൽ രാത്രി 9 മണിവരെ പ്രവർത്തിക്കുന്ന ഒരു ക്രൈം മോണിട്ടറിംഗ് റൂം സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ ആരംഭിച്ചിട്ടുണ്ട്. കുറ്റാന്വേഷണത്തിലും ക്രമസമാധാനപാലനത്തിനും പൊതുജനസമ്പർക്കത്തിലും കൂടുതൽ പരിശീലനം നൽകുവാനായി സി.ഐ/ എസ്.ഐ മാർക്ക് റെയിഞ്ച് തലത്തിലും എച്ച്.സി./പി.സി മാർക്ക് ജില്ലാതലത്തിലും വർക്ക് ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിനും തീവ്രവാദ പ്രവർത്തനം ഉണ്ടായാൽ അവ അമർച്ച ചെയ്യപ്പെടുന്നതിനുമായി കേരളാ റൈഫിൾസ് 1, 2, 3, എന്ന പേരിൽ 3 സായുധ സേനാ ബറ്റാലിയനുകൾ രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിൽ പോലീസ് ഹെൽപ്പ് ലൈൻ സംവിധാനം നടപ്പിലാക്കുകയും അത് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. രാത്രി കാലങ്ങളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നഗരങ്ങളിൽ 'പാന്തർ പെട്രോളിംഗ്' സംവിധാനം നടപ്പിലാക്കിവരുകയാണ്. മോഷ്ടാക്കളുടെയും, ശിക്ഷിക്കപ്പെട്ടവരുടെയും കുറ്റവാളികളുടെയും സംശയിക്കപ്പെടുന്നവരേയും സംബന്ധിക്കുന്ന വിശദവിവരങ്ങൾ അടങ്ങുന്ന രേഖ ശാസ്ത്രീയമായി ആധുനിക രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. തീവ്രവാദപ്രവർത്തനങ്ങളും സ്ഫോടക വസ്തുശേഖരവും നിർമ്മാണവും കർശനമായി തടയുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം നടത്തുന്ന അന്വേഷണത്തിനു പുറമേ ഓരോ ജില്ലാ അതിർത്തിക്കുള്ളിലും വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ച് ജില്ലാ പോലീസ് അധികാരിയെ അറിയിക്കുന്നതിന് ക്രൈം ഡിറ്റാച്ച്മെന്റ് ഡി. വൈ. എസ്. പി. മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾതടയുന്നതിനുള്ള സംവിധാനം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലെ സ്കാഡുകൾ ഡി. വൈ. എസ്. പി. യുടെ ചുമതലയിൽ ആക്കിയിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തെ സംബന്ധിച്ച് ഉദ്യോഗസ്ഥന്മാരെയും പ്രസ്തുത വിഭാഗത്തിലെ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ ജില്ലകളിൽ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പോലീസിൽ പരാതി നല്കിയിട്ടുള്ള വ്യക്തികളെ അവരുടെ കേസ്സുകളിൽ മൂന്ന് മാസത്തിനകം അന്വേഷണം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ഏതുവിധ കാരണങ്ങൾ കൊണ്ടാണ് തങ്ങളുടെ കേസന്വേഷണം പൂർത്തീകരിക്കുവാൻ സാധിക്കാത്തത് എന്ന വിവരം അന്വേഷണ ഉദ്യോഗസ്ഥനും മറ്റു മുതിർന്ന ഉദ്യോഗസ്ഥരും യഥാസമയം രേഖാമൂലം അറിയിക്കാനും അങ്ങനെ അറിയിച്ച വിവരത്തിനുവേണ്ട രേഖകൾ അതാത് കേസ് ഡയറിയിൽ ലഭ്യമാക്കാനുള്ള നടപടി ക്രമങ്ങൾ പോലീസിനെ അറിയിക്കുക (കെ.ഐ.പി) എന്ന പരിപാടിയിലൂടെ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട റയിൽവേ സ്റ്റേഷനുകളിൽ വനിതാ യാത്രക്കാർക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്നതിന് വേണ്ടി വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

ഓരോ വർഷവും നവംബർ മാസം കേരളാ പോലീസ് കുറ്റകൃത്യ നിവാരണമാസമായി ആചരിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് പൊതു ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകളും മീറ്റിംഗുകളും മുഖാമുഖം പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

പരാതിക്കാർക്ക് എഫ്. ഐ. ആറിന്റെ പകർപ്പുകൾ നേരിട്ട് നല്കുന്നതിനു പുറമെ തപാൽ മാർഗ്ഗം അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. മറുനാടൻ മലയാളികളുടെ ക്ഷേമത്തെ മുൻനിർത്തി ഇലക്ട്രോണിക് മെയിൽ സംവിധാനം നടപ്പിലാക്കി.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ പുതുതായി ഏർപ്പെടുത്തിയ ഈ സംവിധാനങ്ങളെ പ്രകീർത്തിക്കുകയും രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIX

[28-2-2001-ലെ നക്ഷത്ര ചിഹ്നമിടാത്ത 127 (1062) -ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

STATEMENT OF RANKWISE ACTUAL AND SANCTIONED STRENGTH OF POLICE AS ON 31ST DECEMBER 1999

	DGP/ ADGP	IGP/ SpLIG	DIG	SP/Comdt Dy Comdt	ASP/Dy SP/AC	Inspr/Equ. valent rank	SI/Equva lent rank	ASI & Eq uivalent	HC	below HC above PC	PC	Total of all Rank
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
A. Actual Police Strength (including women police)												
1. Civil Police inlcuding Dist. armed police	4	6	6	48	278	371	1253	1494	7044	..	22886	33390
2. Armed Police	0	0	0	6	36	59	191	66	981		5406	6745
3. Total (item 1+2)	4	6	6	54	314	430	1444	1560	8025		28292	40135
B. Separate actual Women Police Strength												
4. Civil Police inlcuding Dist. armed police						5	53	0	126		287	471
5. Armed Police						0	0	0	0		0	0

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
6. Total (item 4+5)						5	53	90	126		287	471
C. Stanctioned Police Strength including women police												
7. Civil Police inlcuding Dist. armed police	5	6	11	49	280	405	1557	1602	7299		24971	36185
8. Armed Police	0	0	0	8	41	66	201	88	1168		6725	8297
9. Total (item 7 +8)	5	6	11	57	321	471	1758	1690	8467		31696	44482
D. Separate Sanctioned Women Police Strength												
10. Civil Police inlcuding Dist., A.P.					1	8	53	0	137		413	612
11. Armed Police					0	0	0	4	4		872	880
12. Total (item 10+11)					1	8	53	4	141		1285	1492